**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4807** **11-08-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽപാത ദീർഘിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽ നിന്ന് തൃപ്പൂണിത്തുറ റെയിൽവെ സ്റ്റേഷൻ വരെ കൊച്ചി മെട്രോ റെയിൽ നീട്ടുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | 14.06.2019-ലെ സ.ഉ(കൈ)നം.27/2019/ഗതാ നമ്പർ ഉത്തരവ് പ്രകാരം 356 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് 16.01.2021-ലെ സ.ഉ(കൈ)നം.2/2021/ഗതാ നമ്പർ ഉത്തരവ് പ്രകാരം 448.33 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | എസ്.എൻ. ജംഗ്ഷൻ വരെയുള്ള മെട്രോ റെയിലിന് വേണ്ടി തൂണുകൾ നിർമ്മിച്ചിരിക്കുന്ന റോഡിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | മെട്രോ റെയിൽ നിർമ്മാണത്തിനു ശേഷം റോഡിന്റെ വീതി 21.6 മീറ്റർ ആയിരിക്കും. |
| (സി) | എസ്.എൻ. ജംഗ്ഷനിൽ നിന്ന് റെയിൽവെ സ്റ്റേഷനിലേക്ക് എത്ര മീറ്റർ റോഡാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കുമോ ; | (സി) | എസ്. എൻ ജംഗ്ഷൻ റിഫൈനറി റോഡിനേയും തൃപ്പൂണിത്തുറ ഹിൽപാലസ് റോഡിനേയും ബന്ധിപ്പിച്ചു കൊണ്ടും എല്ലാ സൗകര്യങ്ങളോടും കൂടിയ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി ഭൂമി ഏറ്റെടുക്കുവാൻ 22.11.2018-ലെ സ.ഉ(സാധാ) നം.2969/18/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, 28.10.2019-ലെ സ.ഉ(സാധാ)നം.3043/2019/RD നമ്പർ ഉത്തരവ് പ്രകാരം ആധുനിക ബസ് സ്റ്റാന്റും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് 1030 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഭാവിയിലുണ്ടാകാവുന്ന ബാദ്ധ്യത കണക്കിലെടുത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി പ്രസ്തുത നിർമ്മാണപ്രവൃത്തിയിൽ നിന്നും പിൻമാറുകയും നിർമ്മാണച്ചുമതല KMRL-നെ ഏൽപ്പിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത റോഡ് നിർമ്മാണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, തൃപ്പൂണിത്തുറ നഗരസഭ എന്നിവരാരും തന്നെ ഉറപ്പ് നൽകിയിട്ടില്ല. |
| (ഡി) | ഈ റോഡ് നിർമ്മിക്കാമെന്ന് നഗരസഭ ഉറപ്പ് | (ഡി) | എസ്. എൻ ജംഗ്ഷൻ റിഫൈനറി റോഡിനേയും |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | | തൃപ്പൂണിത്തുറ ഹിൽപാലസ് റോഡിനേയും ബന്ധിപ്പിച്ച കൊണ്ടും എല്ലാ സൗകര്യങ്ങളോടും കൂടിയ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി ഭൂമി ഏറ്റെടുക്കുവാൻ 22.11.2018-ലെ സ.ഉ(സാധാ) നം.2969/18/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തൃപ്പൂണിത്തുറ നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, 28.10.2019-ലെ സ.ഉ(സാധാ)നം.3043/2019/RD നമ്പർ ഉത്തരവ് പ്രകാരം ആധുനിക ബസ് സ്റ്റാന്റും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് 1030 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഭാവിയിലുണ്ടാകാവുന്ന ബാദ്ധ്യത കണക്കിലെടുത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി പ്രസ്തുത നിർമ്മാണപ്രവൃത്തിയിൽ നിന്നും പിൻമാറുകയും നിർമ്മാണച്ചുമതല KMRL-നെ ഏൽപ്പിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത റോഡ് നിർമ്മാണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, തൃപ്പൂണിത്തുറ നഗരസഭ എന്നിവരാരും തന്നെ ഉറപ്പ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ